**ശ്രദ്ധക്ഷണിക്കൽ**

(1) നദികളിലെ മണലും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവതരമായ ഒരു വിഷയത്തിലേയ്ക്കാണ് എനിക്ക് ശ്രദ്ധക്ഷണിക്കാനുള്ളത്. കഴിഞ്ഞ മൂന്ന് വർഷമായി നാം വലിയ പ്രളയത്തെ അഭിമുഖീകരിക്കുകയാണ്. 2021 ഒക്ടോബർ 16-നുണ്ടായ മഹാപ്രളയമാണ് എന്റെ നിയോജകമണ്ഡലത്തെ ഏറ്റവും ദോഷകരമായി ബാധിച്ചത്. നിയോജകമണ്ഡത്തിൽ പ്രധാനമായും മേജർ റിവറുകൾ 5 എണ്ണമാണുള്ളത്; പമ്പ, മീനച്ചലാർ, അഴുതയാർ, മണിമലയാർ, പുല്ലകയാർ. പ്രളയത്തെത്തുടർന്ന് ഈ നദികളിലും അവയുടെ പോഷകനദികളിലുമാകെ വലിയ അളവിൽ എക്കലും ചെളിയും മണ്ണും വലിയ പാറക്കല്ലുകളും നിറഞ്ഞിരിക്കുകയാണ്. നദിയുടെ ജലവാഹകശേഷി അല്ലെങ്കിൽ നീരൊഴുക്ക് ഒരു നിലയിലും നടക്കാത്ത വിധം നദികളാകെ നികന്ന് പോയിരിക്കുകയാണ്. ഇപ്പോൾ കരയും പുഴയും ഏതാണ്ട് ഒരേ ലെവലിലാണ്. ഇത് പുനക്രമീകരിച്ച് നദികളുടെ പഴയനിലയിൽ പുനസ്ഥാപിക്കാത്തപക്ഷം വലിയ ആപത്തിലേയ്ക്കായിരിക്കും കാര്യങ്ങൾ

പോകുന്നത്. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ പിന്തുണയോടുകൂടി ഇതുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽ ഒരു ജനകീയ മുന്നേറ്റം നടത്തുകയുണ്ടായി. ഇക്കഴിഞ്ഞ 12-തീയതി ഈരാട്ടുപേട്ടയിൽ 'മീനച്ചലാർ പുനർ ജനനി' എന്ന പേരിൽ ഒരു വലിയ പ്രവർത്തനം കാഴ്ചവച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ജില്ലാ ചെയർപേഴ്സൺ എന്ന കപ്പാസിറ്റിയിൽ ജില്ലാ കളക്ടർ ഡി.എം.684/2022 ആയി ഒരു ഓർഡർ പുറപ്പെടുവിച്ചു. അതിലൂടെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, റവന്യൂ ഡിപ്പാർട്ട്മെന്റ്, ഈരാട്ടുപേട്ട നഗരസഭ, ഹരിതകേരള മിഷൻ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എല്ലാവരും ചേർന്ന് ഒരു നദീശുചീകരണം നടത്തി. നദികളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ രണ്ട് ദിവസം കൊണ്ട് രണ്ടായിരത്തിലധികം ടിപ്പറുകളിൽ കയറ്റി പുറത്തേയ്ക്ക് കൊണ്ടുപോയിട്ടും ആകെയുള്ളതിന്റെ 10 ശതമാനംപോലും നീക്കാൻ കഴിഞ്ഞില്ല. നഗരസഭാ അതിർത്തിയിലൂടെ ആകെ 1.5 കി.മീ. മാത്രമെ പുഴ ഒഴുകുന്നുള്ളൂ. 1.5 കി.മീ. ശുചീകരിച്ചപ്പോഴുള്ള സ്ഥിതിയാണിത്. ഇപ്പോഴും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. മറിച്ച് വേറെ ചില സ്ഥലങ്ങളിൽ, എന്റെ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ

ഏറ്റവുമധികം പ്രളയബാധിതമായ പഞ്ചായത്താണ്. കൂട്ടിക്കൽ ഒരു ആറുണ്ട്, പുല്ലകയാർ. ആ ആറിലൂടെയാണ് നൂറിലധികം ഉരുൾപൊട്ടലുകളുടെ ജലം ഒഴുകിപ്പോയത്. അതുകൊണ്ടാണ് കരകവിഞ്ഞ് ആ പ്രദേശമാകെ വെള്ളത്തിനടിയിലായത്. ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ സന്ദർശിച്ചതാണ്. അവിടെ ആനയുടെ വലിപ്പമുള്ള പാറക്കല്ലുകളാണ് പുഴയിൽ നില്ക്കുന്നത്. അത് ഒരു നിലയിലും നമുക്ക് മാറ്റാൻ കഴിയില്ല. അത് പൊട്ടിച്ച് അതിന്റെ തീരം കെട്ടിയാൽ തീരം സംരക്ഷിക്കുകയും പുഴയിലെ തടസ്സം മാറ്റുകയും ചെയ്യാം. ഇതടക്കമുള്ള സ്ഥിതിയാണ് അവിടെയൊക്കെ നില്ക്കുന്നത്. മുൻ പ്രളയങ്ങളുടെ വെളിച്ചത്തിൽ റവന്യൂ വകുപ്പ് 24-12-2019-ൽ ജി.ഒ.(ആർ.ടി.)നം.3880/2019/RD ആയി ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഓർഡറിൽ ഇത് നല്ല നിലയിൽ കൈകാര്യം ചെയ്യാനാവശ്യമായ ഉത്തരവ് നിലവിലുണ്ട്. ഓർഡറിലെ പ്രധാനപ്പെട്ട ഒരു ഭാഗം ഞാൻ വായിക്കാം. "As per Section 24, 34 of the Disaster Management Act 2005, State Disaster Management Executive Committee, District Disaster Management Authority can take necessary steps to 'remove debris, conduct search and carry out operations'. With regard to

authority of Section 33 of Disaster Management Act, 2005, the Hon'ble High Court of Uttarakhand in WP(C) No. 93/2015 has ordered that, "if the dredging is undertaken for the purpose of maintaining water bodies, no clearance of Ministry of Environment and Forests is required". As per Section 72 of the Disaster Management Act, this Act overrides the other Acts." ഞാൻ ഇവിടെ സൂചിപ്പിച്ചത് ഈ ഗവൺമെന്റ് ഉത്തരവിന്റെ വെളിച്ചത്തിലും ബഹുമാനപ്പെട്ട ഉത്തരാഖണ്ഡ് ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിലും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 72 പ്രകാരം ഇത് നീക്കം ചെയ്യുന്നതിന് നദീസംരക്ഷണ മണൽവാരൽ നിയന്ത്രണ നിയമമോ വനസംരക്ഷണ നിയമമോ ഒന്നും.... നദിയുടെ പഴയ നില പുന:സ്ഥാപിക്കുന്നതിന് അതായത് ആഴപ്പെടുത്തുന്നതിനോ മുമ്പുണ്ടായിരുന്നില്ലാത്തവിധം വിപുലപ്പെടുത്തുന്നതിനോ ഒക്കെ പരിസ്ഥിതി ക്ലിയറൻസ് അടക്കം ആവശ്യമുണ്ട്. നിലവിലുള്ള തൽസ്ഥിതി പുന:സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങളില്ലെന്നുള്ളത് വളരെ സുവ്യക്തമാണ്. ആദരണീയനായ മുഖ്യമന്ത്രിതന്നെ പുഴ ഒഴുകാനായിട്ടുള്ള ഇടം

ക്രമീകരിക്കുന്നതിനുവേണ്ടി 'റൂം ഫോർ റിവർ' എന്ന കൺസപ്റ്റ് മുന്നോട്ടുവച്ചിരിക്കുകയാണ്. അത് യാഥാർത്ഥ്യമാക്കി കേരളം മുഴുവൻ നടപ്പിലാക്കണം. അല്ലാത്തപക്ഷം വലിയ ദുരിതത്തെയായിരിക്കും അഭിമുഖീകരിക്കേണ്ടി വരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ ജലവിഭവ വകുപ്പ് നല്ല ഹോംവർക്ക് നടത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ 44 നദികളിൽ മേജർ റിവറുകളിൽ മാത്രം 3 കോടി എം ക്യൂബ് മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുണ്ടെന്നാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. അതൊക്കെ അടിയന്തരമായി നീക്കം ചെയ്യണം. കാരണം, മെയ്, ജൂൺ ആകുമ്പോഴേയ്ക്കും വീണ്ടും പഴയ രൂപത്തിൽ കാലവർഷം ആരംഭിച്ചാൽ അത് നീക്കം ചെയ്യാൻ കഴിയില്ല. രണ്ട് മഴയ്ക്കുതന്നെ വെള്ളപ്പൊക്കം പഴയപടി ആവർത്തിക്കപ്പെടും. നമ്മുടെ നാട് വലിയ ദുരിതക്കയത്തിലേയ്ക്ക് പോകും. അതിന് ഞാൻ ഇവിടെ സൂചിപ്പിച്ച ഈരാറ്റുപേട്ട മാതൃകയുണ്ട്. ഇപ്പോൾ ജലവിഭവ വകുപ്പുതന്നെ എറണാകുളം ഭാഗത്ത് 'ബ്രേക്ക് ത്രൂ' എന്ന പദ്ധതി ആവിഷ്കരിച്ചതായി മനസ്സിലാക്കുന്നുണ്ട്. 'വാഹിനി' എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതൊക്കെ സംസ്ഥാനത്ത് വെള്ളപ്പൊക്ക ബാധിതമായ പുഴകൾ വലിയ രൂപത്തിൽ ഒഴുകുന്ന

പ്രദേശങ്ങളിലെല്ലാം നടപ്പിലാക്കണം. അങ്ങനെ ചെയ്താൽ മൂന്ന് നേട്ടങ്ങളുണ്ട്. ഒരു വെടിക്ക് മൂന്ന് പക്ഷി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. മൂന്ന് ലക്ഷ്യങ്ങളാണ് സാധിക്കുക. ഒന്ന്, വെള്ളപ്പൊക്കം അതിജീവിക്കാൻ കഴിയും. രണ്ട്, കോടിക്കണക്കിന് രൂപയുടെ ധാതുവസ്തുക്കളാണ് നമ്മുടെ പുഴകളിലുള്ളത്. അത് നമ്മുടെ റവന്യൂ വരുമാനമാക്കിമാറ്റി പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. മറ്റൊന്ന്, ഇന്നലെ നമ്മളെല്ലാവരും ജലജീവൻ മിഷന്റെ പ്രസന്റേഷനിൽ പങ്കെടുത്തു. കേരളം മുഴുവൻ കുടിവെള്ളം കൊടുക്കാൻ പോകുകയാണ്. ഇതിനൊക്കെ എവിടെനിന്നാണ് ജലസ്രോതസ്സ്? നമ്മുടെ നദികളിലും പുഴകളിലുമുള്ള ജലസ്രോതസ്സ് നിലനിർത്തണമെങ്കിൽ സംരക്ഷിക്കണമെങ്കിൽ..... ഈ പ്രവർത്തനം നടത്തിയില്ലെങ്കിൽ ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിയില്ല. ഐക്യരാഷ്ട്രസഭ വെള്ളപ്പൊക്കത്തിനുശേഷം നടത്തിയ പഠനത്തിന്റെ ഒറ്റ സെന്റൻസ് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാൻ

ആഗ്രഹിക്കുകയാണ്. The post-disaster need assessment report prepared by the UN after studying the floods had highlighted the need for an Integrated Water Resources Management (IWRM) in the state. The report states IWRM as one of the four pillars of ' Build Back Better and Faster Recovery Strategy' for Kerala അത് ഇംപ്ലിമെന്റ് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിയാണ് ഈരാറ്റുപേട്ടയിലെ പ്രവർത്തനം ഉദ്ഘാടനം ചെയ്തത്. അദ്ദേഹത്തിന് അതിനെക്കുറിച്ച് നല്ല ധാരണയുണ്ട്. തീർച്ചയായും ഇത് യാഥാർത്ഥ്യമാക്കി ഒരു നാടിനെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഇവിടെ കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കൽ അദ്ദേഹത്തിന്റെ മണ്ഡലത്തിന്റെ കാര്യം മാത്രമായി ഉൾക്കൊള്ളാൻ കഴിയുന്നതല്ല. കേരളത്തിലുണ്ടായിട്ടുള്ള ഒരു പൊതുവിഷയമാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന പ്രളയവും മണ്ണിടിച്ചിലും ഉരുൾപ്പൊട്ടലും വലിയ അളവിൽ ചെളിയും മണ്ണും എക്കലും അടിഞ്ഞുകൂടി നദികളുടെ സ്വാഭാവിക

നീരൊഴുക്കിനെ തടസ്സപ്പെടുത്തുകയും നദികളുടെ ആഴവും വീതിയും കുറഞ്ഞുവരികയും ചെയ്യുന്നു. തൻമൂലം മഴക്കാലത്ത് വെള്ളപ്പൊക്കത്തിന് ആക്കം കൂട്ടുന്നു. കൃത്യമായ ഇടവേളകളിൽ എക്കലും ചെളിയും മാറ്റി സ്വാഭാവിക ഒഴുക്ക് പുന:സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. ഇതിനായി ഓരോ നദികളുടെയും ചുമതല ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നേരത്തെതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി. അവരുടെ നേതൃത്വത്തിൽ പ്രാഥമിക പരിശോധനയും വിവരശേഖരണവും നടത്തിയിട്ടുണ്ട്. കൂടാതെ ജലസേചന വകുപ്പിന്റെ കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KERI) നേതൃത്വത്തിൽ 2021-ലെ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച നദികളായ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളിൽ പര്യവേക്ഷണം നടത്തി സാമ്പിളുകൾ ശേഖരിക്കുകയും അതിന്റെ വിശകലനം നടത്തിയതിൽനിന്നും നദികളിലും കൈവഴികളിലും വലിയ തോതിൽ ചെളിയും എക്കലും പാറയും മറ്റ് പാഴ്വസ്തുക്കളും അടിഞ്ഞുകൂടിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത് ഘട്ടംഘട്ടമായി മാത്രമേ പൂർണ്ണമായും നീക്കം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി

ആദ്യഘട്ടത്തിൽതന്നെ തദ്ദേശസ്വയംഭരണം, MGNREGS (Mahatma Gandhi National Rural Employment Guarantee Scheme), ജലസേചന വകുപ്പ്, റവന്യൂ വകുപ്പ് എന്നിവയുടെ ഏകോപനത്തോടുകൂടിയും ജനകീയ പങ്കാളിത്തത്തോടുകൂടിയും നദികളിലും കൈവഴികളിലും അടിഞ്ഞുകൂടിയ മണ്ണ്, ചെളി, എക്കൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് മുഖാന്തരം നടത്തിവരുന്നു. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രതിനിധികളുമായും ജലസേചന വകുപ്പിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർമാരുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മൂന്ന് മാർഗ്ഗം വഴി നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പഞ്ചായത്തുകളുടെ സഹായത്തോടെ MGNREGS ഉപയോഗിച്ച് നദികളിലെ മണ്ണും ചെളിയും മിതമായ ചെലവിൽ നീക്കം ചെയ്തുവരുന്നു. ജില്ലാ കളക്ടറുടെയും ജലസേചന വകുപ്പിന്റെയും മേൽനോട്ടത്തിൽ ചെക്ക് ഡാം, റെഗുലേറ്റർ, വി.സി.ബി. എന്നിവയിൽ അടിഞ്ഞുകൂടിയ മണ്ണ്, ചെളി എന്നിവ പുഴയിൽനിന്നും മാറ്റി സുരക്ഷിതമായ പ്രദേശത്ത് സൂക്ഷിക്കാവുന്നതാണ്. ഇവ നിർമ്മാണപ്രവർത്തനങ്ങൾക്ക് യോജിച്ചവയാണെങ്കിൽ റവന്യൂ

വകുപ്പിന്റെ മേൽനോട്ടത്തിൽ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകാവുന്നതാണ്. മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മണ്ണും ചെളിയും നീക്കം ചെയ്യാവുന്നതും അതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് യോഗ്യമായവ റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടുകൂടി തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ നദികളിലെയും കൈവഴികളിലെയും എക്കലും ചെളിയും നീക്കം ചെയ്യൽ മഴക്കാലത്തിന് മുമ്പ് പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം നടന്നുവരുന്നു. മംഗലം ഡാമിൽ പ്രസ്തുത പ്രവർത്തി പുരോഗമിക്കുന്നു. ചുള്ളിയാർ, വാളയാർ, മീങ്കര ഡാമുകളിൽ പ്രസ്തുത പ്രവർത്തികളുടെ കരാർ നടപടികൾ പുരോഗമിക്കുകയാണ്. മഞ്ഞുമ്മൽ, ചെങ്ങണാംകുന്ന് റെഗുലേറ്ററുകളിൽനിന്നും അടിഞ്ഞുകൂടിയ

വസ്തുക്കൾ നീക്കം ചെയ്തുകഴിഞ്ഞു. പുറപ്പള്ളിക്കാവ്, പൂക്കോട്ടുമന, ചെറുതുരുത്തി റെഗുലേറ്ററുകളിൽനിന്നും വസ്തുക്കൾ നീക്കം ചെയ്യാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഇവിടെ എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഈരാറ്റുപേട്ട നഗരസഭയിൽ ഞാൻ തന്നെ നേരിട്ടുപോയി കാണാനിടയായി. ഏതാണ്ട് ഒന്നര കി.മീ. ദൂരമേയുള്ളൂ. പക്ഷെ ഇത്രയും ദിവസം ജോലി ചെയ്തിട്ടുപോലും പത്തിൽ ഒരംശംപോലും മാറ്റാനായി സാധിച്ചിട്ടില്ലെന്ന് ഇവിടെ സൂചിപ്പിച്ചല്ലോ. എം.എൽ.എ.-യുടെ നേതൃത്വത്തിൽ നഗരസഭ, എം.പി., സന്നദ്ധപ്രവർത്തകർ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട ആൾക്കാർ എന്നിവർ ഉൾപ്പെടെ എല്ലാവരും ഇതിന്റെ ഭാഗമായി മാറിയിട്ടുണ്ട്. അതൊക്കെ നല്ല നിലയിലുള്ള ക്രമീകരണത്തിന്റെ തുടക്കമാണ്. കേരളത്തിലെമ്പാടും ഇത് ചെയ്യുന്നതിനുള്ള ശ്രദ്ധേയമായ നീക്കം ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുകൂടിയുണ്ടാകണം. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഇതിന്റെ ഗൗരവം മനസ്സിലാക്കി ഒരു മീറ്റിംഗ് വിളിച്ചുചേർത്തു. അതിൽ എൽ.എസ്.ജി.ഡി. മന്ത്രി, റവന്യൂ വകുപ്പുമന്ത്രി ഫോറസ്റ്റ് വകുപ്പുമന്ത്രി എന്നിവരടക്കം ഞങ്ങളെല്ലാവരും പങ്കെടുത്തു.

ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് അനുസരിച്ച് നീക്കം ചെയ്യുന്നതിന് തടസ്സമില്ലെന്നാണ് അതിലെടുത്ത കർശനമായ തീരുമാനം. എം.എൽ.എ. അവസാനം വായിച്ച 2019-ലെ ഉത്തരവ് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ അത്തരം കാര്യങ്ങളുടെ ഭാഗമായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു. റവന്യൂ വകുപ്പുമന്ത്രി ആ കാര്യത്തിൽ നല്ല രീതിയിൽ മോണിറ്റർ ചെയ്യുന്നുണ്ട്. ഇന്ന് രാവിലെ ഈ ശ്രദ്ധക്ഷണിക്കൽ വന്നതിനുശേഷവും അദ്ദേഹം എന്നെ വിളിച്ച് ഈ കാര്യം സൂചിപ്പിച്ചു. അത് മുഖവിലയ്ക്കെടുത്തുകൊണ്ട് നമ്മളുടെതന്നെ നേതൃത്വത്തിന് കീഴിൽ അത്തരം ജോലികൾ ചെയ്യാനുള്ള ക്രമീകരണങ്ങൾ നടത്തണം. അതിന് യാതൊരു തരത്തിലുള്ള തടസ്സവുമില്ല. ജലനിർഗ്ഗമന സ്രോതസ്സുകൾ നല്ല നിലയിൽ തുടർന്നും പോകാൻ അനുവദിച്ചില്ലെങ്കിൽ വരാൻ പോകുന്ന കാലവർഷത്തെ അതിജീവിക്കാൻ വലിയ ബുദ്ധിമുട്ടാകും. അതിന് കാലേക്കൂട്ടിയെടുത്തിരിക്കുന്ന ഈ തീരുമാനം വളരെ നല്ല നിലയിൽ കൊണ്ടുപോകാനുള്ള അവസരമാണ് നമ്മൾ ഒരുക്കേണ്ടത്. അതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഇതിന് കക്ഷിരാഷ്ട്രീയ വ്യത്യാസമുണ്ടാകേണ്ട

ആവശ്യമില്ല. എല്ലാ മേഖലയിലും ഈ പ്രശ്നമുണ്ട്. പാറ മാറ്റുന്നതിനെക്കുറിച്ചും സൂചിപ്പിച്ചു. പാറയും അതിന്റെ പരിധിയിൽപ്പെടും. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി ഉൾപ്പെടുന്ന മേഖലയിൽ എല്ലാ വസ്തുക്കളും അതിന്റെ ഭാഗം തന്നെയാണ്. നിലവിലുള്ള നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിലുള്ള ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് അനുസരിച്ച് കളക്ടർ പുറപ്പെടുവിക്കുന്ന അധികാരം ഉപയോഗിച്ചുകൊണ്ട് ധൈര്യമായി ഇത്തരം കാര്യങ്ങൾ ചെയ്യാൻ എല്ലാവരെയും തയ്യാറെടുപ്പിക്കേണ്ട ചുമതലകൂടി ഈ സഭയ്ക്കുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കണ്ട മഹാപ്രളയത്തിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ പര്യാപ്തമായ നടപടിയുടെ ഭാഗമായ ഇത്തരം കാര്യങ്ങളിൽ വളരെ ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കാനാണ് ശ്രമിച്ചിട്ടുള്ളത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇക്കാര്യത്തിൽ മനുഷ്യസാധ്യമായ രീതിയിൽ അതായത് മാൻപവർ ഉപയോഗിച്ചുചെയ്യാവുന്ന കാര്യങ്ങളൊക്കെ ജനകീയ മൂവ്മെന്റിന്റെ ഭാഗമായിട്ട് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ സഹായത്തോടെ ചെയ്യുന്നുണ്ട്. പക്ഷേ ഞാനിവിടെ സൂചിപ്പിച്ച പാറപോലുള്ള പ്രത്യേകിച്ച് കുട്ടിക്കലാണ് ഏറ്റവും ഗൗരവമായ

വിഷയം. ആ പുല്ലയാറിൽ ഏതാണ്ട് ആറുകിലോമീറ്റർ ദൂരത്തിൽ പൂർണ്ണമായും പാറക്കല്ലുകൾ നിറഞ്ഞുകിടക്കുകയാണ്. ഇനിയൊരു ഫ്ളഡ് വന്നാൽ കൂട്ടിക്കൽകാർ വലിയ ഭയാശങ്കയിലാണ് കഴിയുന്നത്. അതിലുപരി തീരമാകെ പുഴയെടുത്തുപോയിരിക്കുകയാണ്. ഒരുപാടുവീടുകൾ ഇപ്പോൾ ആടിയുലഞ്ഞാണ് ആ തീരത്തുനിൽക്കുന്നത്. മലയോര പ്രദേശമായതിനാൽ വാഹനങ്ങൾക്ക് പുഴയിൽ ഇറങ്ങാൻ കഴിയാത്തതിനാൽ കല്ലുകൾ കയറ്റിക്കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: മലമ്പുഴ ഉൾപ്പെടെയുള്ള ഡാമുകളുടെ കാര്യം ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു. പാറയുടെ കാര്യത്തിൽ ഇപ്പോൾ പറഞ്ഞതുപ്രകാരമുള്ള മനുഷ്യസാധ്യമായി ചെയ്യാവുന്ന പ്രവൃത്തിയല്ലാതെ വരുന്ന കാര്യമാണ് സൂചിപ്പിച്ചത്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായതുകൊണ്ടുതന്നെ റവന്യൂവകുപ്പും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പാറ മാറ്റുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണെന്ന് ഗൗരവപൂർവ്വം പരിശോധിക്കാം.

## (2) ആശ്വാസ കിരണം **പദ്ധതി ഗുണഭോക്താക്കളും ഹീമോഫീലിയ രോഗികളും നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. നജീബ് കാന്തപുരം: സർ, അങ്ങ് ഉൾപ്പെടെ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഒരു കത്ത് ലഭിച്ചിട്ടുണ്ടാവും. കേരളത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളെ പരിചരിക്കുന്ന കുടുംബാംഗങ്ങളുടെ സംഘടനയായ പരിവാർ കേരളയുടെ കത്തായിരുന്നു അത്. ഞാൻ ആ കത്തുവായിച്ചപ്പോൾ ദുഃഖം തോന്നി. പ്രത്യേകിച്ച് നമ്മളെല്ലാം ജനപ്രതിനിധികൾ എന്നനിലയിൽ ഇത്തരത്തിലുള്ള നിരവധി കുട്ടികളുടെ കാര്യം പലപ്പോഴായി കാണുന്നവരും അവരെ സന്ദർശിക്കുന്നവരും ആശ്വാസം പകരുന്നവരുമൊക്കെയാണ്. പക്ഷേ സ്വാഭാവികമായും നമ്മളൊക്കെ പോകുമ്പോൾ ചില പരിമിതികളുണ്ട്. നമ്മൾ പോകുന്നു, അവരെ കാണുന്നു, ആശ്വസിപ്പിക്കുന്നു, നമുക്കുചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നു. പക്ഷേ ഗുരുതരമായ വിഷയം എന്നുപറയുന്നത് ഇവരെ എല്ലാ ദിവസവും പരിചരിക്കുന്ന അവരുടെ എല്ലാ കാര്യങ്ങളും നോക്കുന്ന നാൽപ്പതുലക്ഷത്തോളം ആളുകൾ വരുന്ന കുടുബാംഗങ്ങൾ ഈ സംസ്ഥാനത്തുണ്ട് എന്നത് നമ്മളെല്ലാം തിരിച്ചറിയേണ്ട കാര്യമാണ്. അവരുടെ സങ്കടകരമായിട്ടുള്ള ജീവിതസാഹചര്യത്തെക്കുറിച്ചാണ് ഞാൻ

ശ്രദ്ധക്ഷണിക്കലിലൂടെ പറയുവാൻ ആഗ്രഹിക്കുന്നത്. നേരത്തെ പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചപ്പോൾ, വലതുനയ വ്യതിയാനത്തെക്കുറിച്ച് പറഞ്ഞപ്പോൾ ആ ഭാഗത്തുള്ള ആളുകൾ വലിയ ക്ഷോഭം കാണിക്കുകയുണ്ടായി. സങ്കടകരമായ കാര്യങ്ങൾ കാണുമ്പോൾ എനിക്കു തോന്നുന്നത് വലതുനയ വ്യതിയാനം മാത്രമല്ല വലതുനയ പക്ഷത്തെപ്പോലും നാണിപ്പിക്കുന്ന തരത്തിലേക്ക് ഈ സർക്കാർ മാറിയിട്ടുണ്ടോ എന്നതാണ് തീർച്ചയായും പ്രധാനമായ ചോദ്യം. സാമൂഹ്യക്ഷേമത്തിൽനിന്നും സാമൂഹ്യ സുരക്ഷയിൽനിന്നുമൊക്കെ ഈ സർക്കാർ പൂർണ്ണമായും പിൻവാങ്ങുന്നതിന്റെ ഏറ്റവും വലിയ അടയാളമാണ് 2020 മുതൽ ഓട്ടിസം, സെറിബ്രൽ പാൾസി ബാധിച്ചവർ ഉൾപ്പെടെ ഭിന്നശേഷിക്കാരായ ആളുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന 'ആശ്വാസ കിരണം' എന്ന പദ്ധതി മുടങ്ങിയിട്ട് ഏതാണ്ട് ഇരുപതുമാസത്തോളമായി. ആരുമിവിടെ നോക്കാനില്ല. ഇന്നലെ വളരെ തെറ്റിദ്ധാരണാജനകമായിട്ടുള്ള ഒരു കാര്യം ഈ സഭയിൽനടന്നു. ബഹുമാന്യനായ ധനകാര്യമന്ത്രി പറഞ്ഞത് അങ്ങനെ പെൻഡിംഗ് ഒന്നുമില്ല അറുന്നൂറുരൂപ അവർക്കുകൊടുക്കുന്നുണ്ടെന്നാണ്. ഞാൻ ഇന്നലെയും സംസാരിച്ചു. ആ

കുടുംബാംഗങ്ങളിൽ പലരും പറയുന്നത് 2020-ന ശേഷം ഒരു നയാപൈസ അവർക്ക് ലഭിച്ചിട്ടില്ലയെന്നാണ്. നമ്മൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം 1,13,000 ആളുകളാണ് ഇത്രയും കാലം അറുന്നൂറുരൂപ കൊണ്ട് ഓരോ മാസവും കൂട്ടിരിക്കുന്ന കുടുംബാംഗങ്ങൾ വാങ്ങിക്കൊണ്ടിരുന്നത്. പക്ഷേ കാലങ്ങളായി അപേക്ഷകളെല്ലാം പെൻഡിംഗാണ്. അറുപതിനായിരത്തോളം അപേക്ഷകൾ പെൻഡിംഗായി നിൽക്കുകയാണിവിടെ. ആ അപേക്ഷകളിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നിലവിലുള്ള ആളുകൾക്ക് അത് ലഭിക്കുവാനുള്ള ഒരു സംവിധാനവുമില്ല എന്നുമാത്രമല്ല ബഡ്ജറ്റ് നിർദ്ദേശത്തിൽ കൃത്യമായി 'ആശ്വാസകിരണം' പദ്ധതിയെക്കുറിച്ച് ഒരു പരാമർശം പോലുമില്ല എന്നതുവളരെ സങ്കടകരമായ കാര്യമാണ്. സാമൂഹ്യസുരക്ഷയുമായി ബന്ധപ്പെട്ട് ക്ഷേമമെന്ന മേഖലയിൽ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കുമായി ആകെ നീക്കിവച്ചത് 679 കോടിയാണ്. എന്നാൽ സാമൂഹിക ക്ഷേമം സംബന്ധിച്ച ബഡ്ജറ്റ് പരാമർശം ഇതിൽമാത്രം ഒതുങ്ങി നിൽക്കുകയാണ്. ഇവിടെ രണ്ടുലക്ഷത്തോളം ആളുകൾ കാത്തിരിക്കുന്ന ഒരു കാര്യത്തിൽ വളരെ കൃത്യമായും സ്പഷ്ടമായും പദ്ധതി മുന്നോട്ടുവച്ച് പണം

വകയിരുത്തേണ്ട കാര്യത്തിൽ യാതൊരു ശ്രദ്ധയുമുണ്ടായിട്ടില്ലെന്നത് ഈ സഭയ്ക്കുമുമ്പാകെ പറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. 2015-ലെ സെൻസെസ് പ്രകാരം യഥാർത്ഥത്തിൽ ഭിന്നശേഷിക്കാരായ ആളുകൾ എട്ടുലക്ഷം പേർ കേരളത്തിലുണ്ട്. അതിൽ രണ്ടുലക്ഷം ആളുകൾ മാത്രമാണിപ്പോൾ ഈ പരിധിയിൽ വരുന്നത്. മാത്രമല്ല മറ്റൊരു പ്രധാനപ്പെട്ട കാര്യം ഐക്യരാഷ്ട്രസഭ ഇപ്പോൾ പതിനാറ് തരത്തിലുള്ള ആളുകളെയാണ് ഭിന്നശേഷി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അതിപ്പോൾ വിപുലീകരിച്ച് ഇരുപത്തിഒന്നാക്കി മാറ്റിയിരിക്കുന്നു. ഇനിയും കൂടുതൽ ആളുകൾ ഇതിലേക്ക് കടന്നുവരേണ്ടതുണ്ട്. ഇവരുടെ സ്ഥിതി എന്താണ്; അവരുടെ വീടുകളിലേക്ക് പോകുമ്പോഴുള്ള അവസ്ഥ എന്താണ്? ഭിന്നശേഷിക്കാരായ ആളുകളുടെ ജീവിതം നിങ്ങൾ ഓർക്കണം. അവർക്കു പുറത്തേയ്ക്കുപോകാൻ കഴിയില്ല. ഒരു പരിപാടിക്കും പോകാൻ കഴിയില്ല. അവർക്കു ജോലിക്കുപോകാനും കഴിയില്ല. ഏതു സമയത്തും ഈ വ്യക്തികളെ പരിചരിക്കേണ്ട വളരെ സങ്കടകരമായ അവസ്ഥയിലാണ് നിൽക്കുന്നത്. ഈ സഭയിൽ അവരുടെ പ്രതിനിധികൾ ഉണ്ടാകില്ലെന്നുവന്നേക്കാം. പക്ഷേ നമുക്കൊരു സാമൂഹ്യബാദ്ധ്യതയുണ്ട്. അവർക്കുവേണ്ടി സംസാരിക്കാൻകൂടി

തെരഞ്ഞെടുക്കപ്പെട്ടവരാണ് നമ്മളെന്ന ബോധ്യത്തോടുകൂടി സർക്കാർ ഈ കാര്യത്തിൽ ശ്രദ്ധ പുലർത്തണം. ഞാൻ ഹീമോഫീലിയ രോഗികളെക്കുറിച്ച് ഒരു വാക്ക് പറയേണ്ടതുണ്ട്. നമ്മൾ മനസ്സിലാക്കേണ്ട കാര്യം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഡോ. എം. കെ. മുനീർ ഇവിടെ സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരുന്ന കാലത്തുനടപ്പാക്കിയിരുന്ന ഒട്ടേറെ ജീവകാരുണ്യ മേഖലയിൽ ശ്രദ്ധേയമായിട്ടുള്ള സാമൂഹ്യനീതിവകുപ്പിനുകീഴിലും ഈ സഭ മുഴുവനും കേൾക്കേണ്ട വളരെ ഗൗരവമുള്ള വിഷയമാണ്. ഹീമോഫീലിയ രോഗികൾക്ക് ഏതൊരു കാരുണ്യ ഫാർമസിയിൽ പോയാലും അവരുടെ മരുന്നുലഭിക്കുമായിരുന്നു. അന്ന് അവർക്ക് ഒരു ഡോസ് മരുന്നെങ്കിലും സ്വന്തമായി വയ്ക്കുവാൻ പരിശീലനം നൽകിയിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്; അവർക്ക് സർക്കാർ ഹോസ്പിറ്റലിൽ പോയി കാഷ്വാലിറ്റിയിൽ കാത്തുനിന്ന് ഇഞ്ചക്ഷൻ വയ്ക്കേണ്ട ഗതികേടിലാണ്. കഴിഞ്ഞ ആഴ്ച ഞാൻ സഭയിലേക്കുവരുമ്പോൾ ഒരനുഭവം ഉണ്ടായി. ജുനൈദ്, ഉണ്ണികൃഷ്ണൻ എന്നീ ചെറുപ്പക്കാർ എന്റെ അരികിൽ വന്നു. അവരുടെ കൈകളും കാലുകളും കാണിച്ചപ്പോൾ എന്തൊരു സങ്കടം ആണ്. നീരുവച്ച്

വീർത്തിരിക്കുന്നു. അവരുടെ കാലുകളിൽ കറുത്തപാടുകൾ ഉണ്ട്. അവർക്ക് സ്വയം ഇഞ്ചക്ഷൻ എടുക്കാൻ അറിയാം. പക്ഷേ അതിനുള്ള മരുന്ന് കാരുണ്യ ഫാർമസിയിൽ ലഭ്യമല്ല. അർദ്ധരാത്രിയിലായിരിക്കും രക്തസ്രാവമുണ്ടാകുക. ആ സമയത്ത് ഇഞ്ചക്ഷൻ എടുക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് തീർച്ചയായും ഇക്കാര്യത്തിൽ വളരെ ഗൗരവമായിട്ട് ഇടപ്പെടൽ നടത്തി എത്രയും വേഗം ഒന്നാമത് 'ആശ്വാസകിരണം' പദ്ധതിയിൽ മുടങ്ങികിടക്കുന്ന ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകണം. മറ്റൊന്ന്, പ്രധാനമായും സുപ്രീം കോടതിയുടെ പരാമർശം ഉണ്ടായിട്ടുള്ള കാര്യമാണ്. ഹീമോഫീലിയ രോഗികൾക്കുകൂടി ആനുകൂല്യം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2010-ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'ആശ്വാസകിരണം' പദ്ധതി. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധത്തിൽ തീവ്രമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും പ്രായാധിക്യംകൊണ്ടോ ക്യാൻസർ മുതലായ ഗുരുതര രോഗങ്ങളാലോ കിടപ്പിലാവുകയും ചെയ്യുന്നവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. 2010-ൽ

ആരംഭിച്ച 'ആശ്വാസകിരണം' പദ്ധതിയിൽ അംഗമാകുന്ന ഗുണഭോക്താവിന് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ പ്രതിമാസം ഇരുന്നൂറ്റി അമ്പതുരൂപയായിരുന്നു നൽകിയിരുന്നത്. വിവിധ ഘട്ടങ്ങളിലായി ടി തുക വർദ്ധിപ്പിച്ച് നിലവിൽ അറുന്നൂറുരൂപയാണ് ഇപ്പോൾ നൽകിവരുന്നത്. 2011 മുതൽ 2016 മാർച്ചുവരെ കെട്ടികിടന്ന 23,804 അപേക്ഷകളടക്കം 1,20,301 ഗുണഭോക്താക്കൾക്കുവരെ ധനസഹായം നൽകാൻ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് സാധിച്ചിട്ടുണ്ട്. 11-10-2012-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്നവർ ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, നൂറു ശതമാനം അന്ധത എന്നിവയ്ക്കു പുറമേ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതര രോഗങ്ങളാലും കിടപ്പിലായവരെ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെയും പരിചാരകരുടെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തുടർന്ന് ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വലിയ തോതിൽ കൂടിവരികയും തന്മൂലം ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടിയ തുക

പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ബഡ്ജറ്റ് വിഹിതം കൊണ്ട് കുടിശ്ശിക പൂർണ്ണമായും തീർത്തു നൽകുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിനു പുറമേ 58.12 കോടി രൂപ അധിക ധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 2021-22 ബഡ്ജറ്റ് വിഹിതമായ 40 കോടി രൂപയിൽനിന്ന് 39.65 കോടി രൂപ ചെലവഴിച്ച് കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിലും മറ്റ് എട്ടുജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസംവരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിലും അനുവദിക്കുകയുണ്ടായി. അവശേഷിക്കുന്ന കുടിശ്ശിക തീർക്കുന്നതിനാവശ്യമായ തുക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിക്ക് നിലവിൽ **91412** ഗുണഭോക്താക്കളാണുള്ളത്. 2018 ഏപ്രിൽ മുതൽ 2022 ഫെബ്രുവരിവരെ ലഭിച്ച **67282** പേരുടെ അപേക്ഷകൾ പദ്ധതി മാനദണ്ഡങ്ങൾപ്രകാരം പരിശോധിച്ച്

അർഹരായവരെ കണ്ടെത്തി ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്നതിനാൽ അധിക ധനവിനിയോഗം ആവശ്യമായിവരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആശ്വാസകിരണം പദ്ധതിക്ക് 42.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളോട് തികഞ്ഞ അനുഭാവമാണ് സർക്കാരിനുള്ളത്. ഹീമോഫീലിയ രോഗികൾക്ക് സാമൂഹ്യസുരക്ഷാ മിഷൻ മുഖേന സമാശ്വാസം പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 1,000/- രൂപ ധനസഹായം നൽകിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2022 ഫെബ്രുവരിവരെ (അതായത് കഴിഞ്ഞ മാസംവരെയുള്ള) ധനസഹായം നൽകിയിട്ടുണ്ട്. ഹീമോഫീലിയ രോഗത്തിനുള്ള ചികിത്സ ആരോഗ്യ വകുപ്പ് 'ആശാധാര ഹീമോഗ്ലോബിനോപ്പതി' പദ്ധതി മുഖാന്തരമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ചികിത്സാസംബന്ധമായ കാര്യങ്ങൾ ആരോഗ്യ വകുപ്പിന്റെ ആശാധാര പദ്ധതി മുഖാന്തരമാണ് നടപ്പിൽവരുന്നത്. ഇതിന്റെ ഭാഗമായി ഹീമോഫീലിയ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സർക്കാർ

മെഡിക്കൽ കോളേജുകൾ, തെരഞ്ഞെടുത്ത ജില്ലാ ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ തുടങ്ങിയ 72 സർക്കാർ ആശുപത്രികളിലൂടെ ലഭ്യമാക്കുന്നുണ്ട്. ഇതിലൂടെ രക്തസ്രാവം ഉണ്ടാകുന്നമുറയ്ക്ക്, രോഗികൾക്ക് ചികിത്സ ആവശ്യമാകുന്ന എല്ലാഘട്ടങ്ങളിലും മരുന്ന് ഈ സ്ഥാപനങ്ങളിൽനിന്ന് 24 മണിക്കൂറും യാതൊരു തടസ്സവുമില്ലാതെ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്നാണ് ആരോഗ്യ വകുപ്പിൽനിന്ന് അറിയിച്ചിട്ടുള്ളത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഇതിൽനിന്നും രണ്ട് കാര്യങ്ങൾ വ്യക്തമാണ്. ഇത്രയും കാലമായി ആകെ നാല് ജില്ലകളിൽ മാത്രമാണ് ധനസഹായം വിതരണം ചെയ്തതെന്ന് ബഹുമാന്യയായ മന്ത്രിയുടെ വിശദീകരണത്തിൽനിന്നും വ്യക്തമായിരിക്കുകയാണ്. മറ്റുജില്ലകളിൽ എന്ന് ധനസഹായം കൊടുത്തുതീർക്കാൻ സാധിക്കും; നിലവിൽ നൽകികൊണ്ടിരിക്കുന്ന 600 രൂപയെന്നത് വളരെ മിനിമം തുകയാണ്. ഇത് വർദ്ധിപ്പിക്കാനും അവരെ സഹായിക്കാനും സർക്കാരിന് ഉദ്ദേശമുണ്ടോ; അതോടൊപ്പം, ഹീമോഫീലിയയുമായി ബന്ധപ്പെട്ട ഗുരുതരമായ ഒരു വിഷയം, രക്തസ്രാവം ഉണ്ടാകുന്ന സമയത്ത് രോഗികൾക്ക് എടുക്കേണ്ട

ഇഞ്ചക്ഷനെ സംബന്ധിച്ചാണ് പറയുന്നത്. അർദ്ധരാത്രിയിൽ രോഗിക്ക് ഹോസ്പിറ്റലിൽ പോയി ഇഞ്ചക്ഷൻ എടുക്കാൻ സാധിക്കില്ല. അതുകൊണ്ട് അവർക്ക് ഇഞ്ചക്ഷനുള്ള മരുന്ന് സ്റ്റോക്ക് ചെയ്യുന്നതിനുള്ള അനുവാദം നൽകുമോ;

ഡോ. ആർ. ബിന്ദു: സർ, ആശ്വാസകിരണം പദ്ധതിയെ സംബന്ധിച്ചിടത്തോളം നടപ്പുസാമ്പത്തിക വർഷം എല്ലാ ജില്ലകളിലെയും കുടിശ്ശിക തീർത്തിട്ടുണ്ട്. മാസങ്ങളുടെ കുടിശ്ശികയായിരുന്നു ഉണ്ടായിരുന്നത്. ബഹുമാനപ്പെട്ട അംഗം മറുപടി ശ്രദ്ധിച്ച് കേട്ടിട്ടില്ലെന്ന് തോന്നുന്നു. കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിലും മറ്റ് എട്ടുജില്ലകളിലെ ഗുണഭോക്താക്കൾക്ക്.......... 2020-ൽ അല്ല, 2020-വരെയുള്ളതാണ് ഈ നടപ്പുസാമ്പത്തിക വർഷം നൽകിയത്. മാസങ്ങളുടെ കുടിശ്ശിക അവിടെയുണ്ടായിരുന്നു. അതിന് അധിക ധനാഭ്യർത്ഥന നേടിയെടുത്തുകൊണ്ട് പൂർണ്ണമായും ധനസഹായം വിതരണം ചെയ്യാനുള്ള എല്ലാനടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിക്ക്

ഒന്നാമത് മുൻഗണന നൽകികൊണ്ടാണ് സാമൂഹിക നീതി വകുപ്പ് പ്രവർത്തിക്കുന്നത്. ആശാധാര പദ്ധതിയെ സംബന്ധിച്ചിടത്തോളം യാതൊരു പിഴവുകളുമില്ലാതെ തുടരുന്നുണ്ടെന്നാണ് ആരോഗ്യ വകുപ്പിൽനിന്നും അറിയിച്ചിട്ടുള്ളത്.